**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1818** **29-07-2021 - ൽ മറുപടിയ്ക്ക്**

**നികുതിയേതര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നദികളിൽ നിന്നും ഡാമുകളിൽ നിന്നും മണലും എക്കലും നീക്കം ചെയ്ത് നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2018, 2019വർഷങ്ങളിൽ കേരളത്തിൽ ഉണ്ടായ ശക്തമായ പ്രളയം മൂലം കേരളത്തിലെ ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ ഡാമുകളിലേയും, റെഗുലേറ്റർ/ചെക്ക് ഡാമുകളിലേയും പ്രവർത്തനത്തെ തടസ്സപ്പെടുത്തും വിധം അധികമായി അടിഞ്ഞുകൂടിയ മണലും, ചെളിയും എക്കലും നീക്കം ചെയ്ത് സംഭരണശേഷി വർധിപ്പിക്കുന്നതിനായി സർക്കാർ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആയത് പ്രകാരം അധികമായി അടിഞ്ഞ്കൂടിയ മണലും, ചെളിയും എക്കലും നീക്കം ചെയ്ത് സംഭരണശേഷി വർധിപ്പിക്കുന്നതിനായി താഴെ വിവരിക്കുന്ന പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നു.അവയുടെ വിശദാംശം താഴെ ചേർക്കുന്നു. ഓരോ നിർമ്മിതികളിൽ നിന്നും നീക്കം ചെയ്യുന്നതിനായി കണക്കാക്കിയ മണൽ/ചെളിയുടെ അളവുകളും ആയതുമൂലം സർക്കാരിലേയ്ക്കുള്ള എസ്റ്റിമെറ്റഡ് റവന്യൂവും (പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്) മേൽ പദ്ധതി പ്രകാരം നാളിതുവരെ 10,35,54,965/-രൂപ റവന്യ ആയി ലഭിച്ചിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം നാളിതുവരെ 10,35,54,965/-രൂപ റവന്യ ആയി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്ന പാലക്കാട് ജില്ലയിലെ മംഗലം ഡാമിൽ നിന്നും മണലും എക്കലും നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മംഗലം ഡാമിലെ പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാർ പ്രകാരം 15 കോടി രൂപയുടെ നികുതിയേതര വരുമാനമാണ് പ്രതീക്ഷിക്കുന്നത്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള മറ്റു ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ജലവിഭവ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ നദികളിലുള്ള ചെറുതുരുത്തി ചെക്ക്ഡാം, ചെങ്ങണാംകുന്ന് റെഗുലേറ്റർ, മഞ്ചുമ്മേൽ റെഗുലേറ്റർ, പുറപ്പള്ളിക്കാവ് റെഗുലേറ്റർ, വെള്ളിയാംകല്ല് റെഗുലേറ്റർ കം ബ്രിഡ്ജ്, പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് എന്നീ നിർമ്മിതികളിൽ നിന്നും മണലും എക്കലും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുകയാണ്. ആയതുമായി ബന്ധപ്പെട്ട് നാളിതുവരെ 10,35,54,965/- രൂപ റവന്യൂ ആയി ലഭിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നടപ്പാക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള വെള്ളിയാങ്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജിലെ ഡീസിൽറ്റേഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ 3കേസുകൾ നിലനിൽക്കുന്നുണ്ട്. ആയതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതിനാൽ ടി പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സ്റ്റേ ഉത്തരവ് നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | നിർമ്മിതിയുടെ പേര് | മണൽ /ചെളിയുടെ അളവ് | എസ്റ്റിമെറ്റഡ് റവന്യൂ |
|---|---|---|---|
| 1 | ചെറുതുരുത്തി ചെക്ക്ഡാം | 15750 m3 | 26,170,830 |
| 2 | ചെങ്ങണാംകുന്ന് റെഗുലേറ്റർ | 56000m3 | 7,88,28,400 |
| 3 | മഞ്ഞുമ്മേൽ റെഗുലേറ്റർ | 660 m3 | 1,012,928 |
| 4 | പുറപ്പള്ളിക്കാവ് റെഗുലേറ്റർ | 6600 m3 | 5,592,556 |
| 5 | വെള്ളിയാംകല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് | 76490 m3 | 39,023,077 |
| 6 | പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് | 55000 m3 | 45,703,900 |
| | | ആകെ | 196,331,691 |

മേൽ പദ്ധതി പ്രകാരം നാളിതുവരെ 10,35,54,965/-രൂപ റവന്യൂ ആയി ലഭിച്ചിട്ടുണ്ട്.

**ബി)** പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്ന പാലക്കാട് ജില്ലയിലെ മംഗലം ഡാമിൽ നിന്നും മണലും എക്കലും നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മംഗലം ഡാമിലെ പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാർ പ്രകാരം 15 കോടി രൂപയുടെ നികുതിയേതര വരുമാനമാണ് പ്രതീക്ഷിക്കുന്നത്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള മറ്റു ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്ന വിവിധ നദികളിലുള്ള ചെറുതുരുത്തി ചെക്ക്ഡാം, ചെങ്ങണാംകുന്ന് റെഗുലേറ്റർ, മഞ്ഞുമ്മേൽ റെഗുലേറ്റർ, പുറപ്പള്ളിക്കാവ്